# കർണ്ണ പരിത്യാഗം (കുന്തി)

ഡോ. സദനം ഹരികുമാർ രചിച്ചത്

## രംഗം: ഒന്ന്

ദുർവാസാവു ശിഷ്യന്മാരുമൊത്തു കുന്തി ഭോജൻെറ കൊട്ടാരത്തിലേക്കു വരുന്നു. മന്ത്രി ഈ കാര്യം കുന്തിഭോജനോടു പറയുന്നു.

ശ്ലോകം.
രാഗം: സാരംഗ. താളം: ചെമ്പട തിശ്ര നട.
ശർവ്വൻ തന്നുടെ അംശമാ/മജസുതന്നത്രീമുനീന്ദ്രാത്മജൻ
വസ്ത്രം ശുദ്ധിയെഴാതുടുത്തു നട കൊള്ളുന്നോരു രോഷാത്മകൻ
കൽപാന്താനല തുല്യനായവികലം കുന്തിഭോജൻെറ സൗധം
പ്രാപിച്ചീടിന വേള സംഭ്രമമൊട ന്നോതീ സുമന്ത്രൻ നലം

(ഈ ഭാഗം ആട്ടമാക്കി)
അശനി പാതമുതിർത്തു വാനമുണർന്നു ഭീഷണമായിടുന്നു
പ്രളയ മാരികണക്കു കാർമുകിലാർത്തു ചീറി വമിച്ചിടുന്നു
തരു ഗണങ്ങൾ പതിച്ചു ഭൂവൊരു ചുടലപോലെ ഭവിടുന്നു.
ശോണധൂളി പടർന്നു പൊങ്ങി നഭസ്സു ചെമ്മല യായിടുന്നു.

വാതിലാഞ്ഞടയുന്നു വാതമടിച്ചു വീടുമുലച്ചിടുന്നു.
കാഴ്ചയില്ലാതക്ഷികൾക്കരടാർന്നു നീറി വലഞ്ഞഹോ
ശ്വാസമോലാതിന്നു ജീവനുമേറ്റമായ് വലയുന്നതിന്നു

കാരണം പ്രളയാഗ്നിയാളി വരുന്നതോ----------- –ലോ
കാവസാന മുഹൂർത്തമായി ഭവിപ്പതോ----------

വിണ്ഡലേ ഖഗ നിവഹമിന്നു പറന്നു വട്ടമിടുന്നഹോ
ഗോക്കളും ശ്വാക്കളും പുഛമുയർത്തിയോടി വലഞ്ഞിടു ന്നഹോ

ശൈവമന്ത്രമുയർന്നു മുഖരിത മായ പ്രാചിയിലങ്ങു ദൂരെ
താപസന്നുടെ രൂപമൊന്നു തെളിഞ്ഞു കാണ്മതുമെന്തഹോ

അത്രിമുനീന്ദ്രാത്മജനാം ദുർവാസാവു വരുന്നിതു പത്തനമിതിലും
ഛത്രപതിക്കറിവേകിടുവാനായ് ക്ഷിപ്രം ചെന്നുരിയാടാം സത്യം

മന്ത്രി പീഢത്തിലിരുന്നു തിര താഴ്ത്തുന്നു. അതിയായ ശബ്ദം കേൾക്കുന്നു. വാതിലുകളും ജനലുകളും ശക്തിയായി അടയുന്നു. ഓരോ ജനലുകലും ചെന്നു തുറന്നു നോക്കുന്നു. ശക്തമായ കാറ്റും പൊടിപടലങ്ങളും കണ്ടു ഭീതനാകുന്നു. മരങ്ങൾ ചാഞ്ഞു ഉലയുന്നതു കാണുന്നു. കാർമേഘങ്ങൾ ആകാശത്തു ഉരുണ്ടു കയറുന്നതു കാണുന്നു. ഇടിമിന്നലും ഇടിവെട്ടും കേട്ട് ഭയക്കുന്നു. പക്ഷിക്കൂട്ടങ്ങൾ വട്ടമിട്ട് പറക്കുന്നതു കാണുന്നു. പരിഭ്രമിച്ചു നാലു പാടും നോക്കുന്നു. ഒടുവിൽ ദൂരെ ഒരു

മഹർഷി വരുന്നതു കാണുന്നു. ശിവഭജനങ്ങൾ സംഘഗാനമായി പാടുന്നതു കേൾക്കുന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ അതു ദുർവാസാവ് ആണെന്നു മനസ്സിലാകുന്നു. പതിഞ്ഞ നാലാമിരട്ടിയിൽ രംഗം വിട്ട് നാലാമിരട്ടി രണ്ടാം കാലമാകുമ്പോഴെക്കും കുന്തി ഭോജനെയും കൊണ്ടു വരുന്നു. പീഡത്തിൽ ഇരുത്തി
പദം രാഗം സാരംഗ. താളം :പഞ്ചാരി

മന്ത്രി.
അത്രിമുനിസുതൻ ശർവാംശജാതകൻ
ദുർ വസ്ത്രധാരിയാം മഹർഷി വര്യനാകിയോൻ
ദുർവാസസ്സീങ്ങെഴുന്നരുളിടുന്നമാത്ര സകല
ഭൂതലങ്ങളും ചരാചരങ്ങളും ഭയന്നിടുന്നതും
വിയർത്തിടുന്നതും വിറയാർന്നിടുന്നതും
ഇവനെ വരവേൽക്കുന്നതിനൊരുങ്ങുക ഭവാൻ

ക്രോധമാളിയഗ്നിപർവ്വതം കണക്കു ലാവയും
തിളച്ചു തിങ്ങിവിങ്ങിടുന്ന മാനസൻ
ത്രാസമാർന്ന ചുണ്ടിലൂർന്ന ശാപമാകുമശനിയെ
യെറിഞ്ഞെരിച്ചിടും മഹർഷിയെ
ആർക്കു ധൈര്യമേറെയോർക്കിൽ അതിഥിയാക്കുവാൻ,
ഉപചരിക്കുവാൻ,പരിഗണിക്കുവാൻ
ഇവനെ വരവേൽക്കുന്നതിനൊരുങ്ങുക ഭവാൻ

കുന്തിഭോജൻ. രാഗം: നീലാംബരി. താളം ചെമ്പട.
ദർഭ വിരിക്കണമോ പട്ടിൻ പരവതാനി നീർത്തീടണമോ
സ്വർണ്ണത്തളികയിലന്നം നൽകണമോ
നാക്കിലയിൽ നൽപായസമേകണമോ
പർണ്ണശാലയോ കോലകമോ എന്നരമനയോ
പാർപ്പതിനിവനുചിതം പാർപ്പിപ്പാനുചിതം

കുളിപ്പതും ഭജിപ്പതും പചിപ്പതും ഭുജിപ്പതും മുനിയെങ്ങിനെയോ
മുനിവരനുടെ ശീലങ്ങളുമെങ്ങിനെയോ
ആരുപദേശിപ്പാനിഹ ചൊല്ലുക വ്യഗ്രതയാളുമൊരെന്നെ
ശ്ലോകം
ചിന്താധീനനതായി സംഭ്രമമൊടന്നഞ്ചാതെ രാജൻ തദാ
എന്താണിന്നൊരുപായമീ റിഷിവരന്നാമോദമേകീടുവാൻ
എന്നോർത്താമയമോടു വിഹ്വലതയോടന്നാ സഭാമണ്ഡലേ
വെമ്പൽ പൂണ്ടു നടന്നിടുന്നൊരരചൻ തന്നൊടു ചൊന്നാൾ പ്രഥ

കുന്തി .രാഗം: മോഹനം. ചെമ്പട തിശ്ര നട.
മുനിവരനുടെ യാവാസം സുകരം സുഖകരമാക്കീടാം
എന്തിനു സംഭ്രമമാളുന്നൂ മമ താതാ ധ്രിതിമാനല്ലോ നീ നിയതം
വിധുരത വെടിഞ്ഞു ചതുരത ചേർക്കുക മനസി

ചിന്തകളിൽ നിയതം ധ്രിതി ചേർക്കുക ഝടിതി.

വിശ്രമിപ്പതിനൊരാശ്രമമാക്കാ–മെന്നുടെ മണിമന്ദിരമിവനായി
യമിതൻ യമനിയമങ്ങളെനിക്കും അറിവായീ ശൈശവമതിലും.
ചെമ്പട.
വീശാം കുടചൂടാം പദ പരിചരണത്തിനൊരുങ്ങാം ഞാൻ
യാമിനിയിൽ സൗമിനിയായ് മുനിവര പദപൂജകൾ ചെയ്തീടാം

ശംഖൊലിയുണരുന്നു മന്ത്രധ്വനികളുമിങ്ങണയുന്നു
ചെന്നുടനേ മുനിവരനുടെ ചേവടി തന്നിൽ പ്രണമിക്കുക താത

കുന്തി ഭോജൻ. രാഗം: പൂർവി കല്ല്യാണി. താളം: ചെമ്പട.
വലന്തല ത്രിപുട മേളം സദസ്സിൻെറ നടുവിൽ നിന്നും ദുർവ്വസാവു വരുന്നു.
ത്രിപുട മേളത്തിൻെറ കാലപ്രമാണത്തിൽ(വർണ്ണമട്ടിൽ) തക്കിട്ട തക്കിട്ട തക്കധിമി തക്കധിമി എന്ന താളത്തിൽ ത്രിപുട കൊട്ടുമ്പോൾ സാഹിത്യം അതെ താളത്തിൽ ചൊല്ലുന്നു.

രാഗം മലഹരി. താളം : ത്രിപുട
നിടില നയന നിഖില ഭുവന പരിപാലക പരമേശ്വര പാഹി
കുവലയ നയന മ്രിദു ഹ്രിദയ തവ ചേവടികളിലാശ്രയമെന്നും

അമ്രിതകിരണകല കബരീഭരമതിലഴകൊടു ചാർത്തിയ ദേവാ
ഭാഗീരഥിയേ നടുനെറുകിലണിഞ്ഞവളെ വരിച്ചൊരു ദേവാ

അമ്രിതമഥന കദന സഹന മതിനായിടാതെ വാസുകി തുപ്പിയ
കൊടിയ വിഷമെടുത്തു കുടിച്ചു ഭു–വനമിതു പരി പാലിച്ചവനേ

ജന്മമതൊരു കൈപ്പിടി ഭസ്മം അതായതുടലിലണിയുന്നവനേ
ജന്മമെഴാതുള്ളവനേ ഭവ ബന്ധ ബന്ധനമഴിപ്പവനെ

(രണ്ടാം കാലം)
മഞ്ഞു മാമല തൻെറ പുത്രിയെ വേൾക്കുവാൻ വടുവായവൻ
പാർഥ ഗർവ്വമൊടുക്കുവാൻ കാട്ടാളവേഷമെടുത്തവൻ

സത്യസന്ധത കാക്കുവാൻ വാചസ്പ്പതീ തല നുള്ളിയോൻ
വിധി കപാലമെടുത്തു ഭിക്ഷ നടന്നഖങ്ങളെരിച്ചവൻ

ത്രിപ്പദങ്ങളിലെന്നുമാത്മ സമർപ്പണം ചെയ്‌വോനു നീ
ക്ഷിപ്ര മാനസ തുഷ്ടിയോടു വരം കൊടുത്തു രമിപ്പവൻ

ദർപ്പമോടു മഖം നടത്തിയ ദക്ഷനെ നിഹനിച്ചവൻ
ദക്ഷജാമ്രിതി ദുഖമാറുവതിന്നു താണ്ഡവ മാടിയോൻ

താണ്ഡവക്കരണങ്ങളാലുകങ്ങൾ ശാശ്വതമാക്കുവോൻ
കാത്തിടേണമഴൽ കെടുത്തടിയങ്ങളെ സതതം ശിവൻ

രാജാവും മന്ത്രിയും ചേർന്നു ആനയിച്ചു കൊണ്ടു വരുന്നു. മാന്യ സ്ഥാനത്തു ഇരുത്തി.
പദം:
കുന്തി ഭോജൻ. രാഗം: പൂർവി കല്ല്യാണി. താളം: ചെമ്പട.

പാദധൂളിയെൻ പുരിയിതുപാവനമാക്കിയതോർത്താൽ
സഹസ്രയാഗം ചെയ്കിലുമിന്നുളവാമോ /അത്രിമുനീന്ദ്രാത്മജ നീ ചൊല്ലുക.
നിന്നുടെ നിഷ്ഠകളഖിലം പാലി/പ്പതിനെൻ സുതയാം പ്രഥയെ
കൽപിച്ചീടാമിവളവിടുത്തേക്ക/തീവ വത്സലയാകും പ്രതിദിനവും
ദീപാന്വിതയായ് സായങ്ങളിലൊളി വിതറുമിവൾ പുരമതിലും
വിനയാന്വിതയായ് തവ പദ സേവന തൽപ്പരയാകുമിവൾ
ഭോജന മുണ്ണുക സൽഗുണഭാജനമേ ഇന്നു യഥേഷ്ടം

ദുർവാസാവ് .ഖണ്ടാരം. താളം:: ചമ്പട

വേണ്ടാ ഭോജനവും /ഇത്തരുണം മമ മൊഴി കേൾ
വേണ്ടാ സൽക്കാരം/ ധരണിപതേ ഇന്നേരം മേ
ദിനചര്യകളെല്ലാം ചൊൽവതു നീ ചെയ്യിടണം
അരുതായ്കിലെരിഞ്ഞീടും രോഷാഗ്നി കഠോരം
ഉണരുന്നതു ശിവഗാന ശ്രവണത്താൽ വേണം
കണികാണാനൊളി താവും നിറദീപം വേണം
തുളസീദല ബില്വാദികളായുള്ള സുമങ്ങൾ
കലരുന്നൊരു സലിലം മമ പാനത്തിനു വേണം
നേരത്തൊടു നേരം മമ ഭജനത്തിനു വിഘ്നം
ഓലാതെ നിവർത്തിക്കണമിവളിന്നൊരു ബാല.
ചാകാനിടയായീടരുതെൻ പാദക്കീഴിൽ
ഒരു ജീവിയുമെന്നുള്ളതു നിർബ്ബന്ധമെനിക്കും
മശകങ്ങളുറുമ്പും ഷഡ്പദവും എന്നുടലിൽ
തൊടുകിൽ നിൻ നഗരം മമ ക്രോധാഗ്നിയിലമരും

## രംഗം : രണ്ട്

കുന്തി ദുർവാസാവിനെ പ്രാഗ് ഗമിച്ച് കൊട്ടാരത്തിലേക്ക് കൊണ്ടു പോകുന്നു.(ത്രിപുട)
കാലടി ഭൂമിയിൽ വക്കുന്ന സമയം കാൽക്കീഴിൽ ഉള്ള ജീവികളെ കുന്തി
വീശിമാറ്റുന്നു.
ദുർവാസാവിനു കുളിക്കുന്നതിന്ന് തലയിൽ വെള്ളമൊഴിച്ചു കൊടുക്കുന്നു. തുവർത്തി
കൊടുക്കുന്നു. പശുവിനെ കറന്നു പാൽ കാച്ചി ആറ്റി കൊടുക്കുന്നു. പഴങ്ങൾ

കൊടുക്കുന്നു. യജ്ഞത്തിനു വേണ്ട ഇഷ്ടിക തയാറാക്കി കൊടുക്കുന്നു. ഓരോ ആവശ്യങ്ങൾക്കും ദുർവാസാവ് കൈ നീട്ടുമ്പോൾ അതാത് കാര്യങ്ങൾ കൊടുക്കുന്നു. നെയ്യ്, പൂവ്, വെള്ളം , ചന്ദനം, എന്നിവ അതാത് സമയത്ത് കൊടുക്കുന്നു. ഹോമാദി കർമ്മങ്ങൾക്കു ശേഷം ദുർവാസാവ് നമസ്കരിക്കുന്നതോടെ പ്രാർഥന.

ശംഭോ തുഹിനാദ്രി തന്നിൽ വസിക്കും സ്വയംഭോ പ്രസീദ പ്രസീദ പ്രസീദ
ർതം ചൊല്ലുമാ ഡമരു മേളത്തൊടൊപ്പം നടനം തിമർത്താടവേണമെന്നുള്ളിൽ
നടുക്കണ്ണിലാളുന്നൊരഗ്നി കെടുത്താൻ മനക്കണ്ണിലൂറും കനിവൊന്നു മാത്രം
മനക്കണ്ണിലൂറും കനിവിന്നു പാത്ര മെനിക്കാകുവാൻ നൽകിടേണം വരം നീ
ജടയും ജടക്കുള്ളിലാറും ധരിച്ചംബിളിത്തെല്ലുകൊണ്ടുമുടിപ്പൊന്നു ചാർത്തും
ഗജത്തോലരയിൽ ധരിച്ചും ചുടലഭസ്മം കൊണ്ടുടലിൽ കുറിക്കൂട്ടണിഞ്ഞും
കരിമൂർഖമാല കഴുത്തിൽ പിണഞ്ഞുമ്മണിനാഗഹാരം കണങ്കാൽ ത്തളയും
വിളങ്ങുന്ന താണ്ഡവ നർത്തകനാംനിൻ പദങ്ങളാണെന്നുമെനിക്കവലംബം
വിഷം തീണ്ടുമാ കംബു കണ്ഠത്തിൽ നിന്നുദിച്ചീടും പ്രണവാക്ഷരങ്ങളെൻ പ്രാണൻ
തുടിക്കും ഡമരുവുതിർക്കുന്ന ഷഡ്ക്കാല താളപ്രമാണങ്ങളെൻ ജീവ താളം
യമന്നു നിയമങ്ങളുണ്ടാക്കിയും കാമ ദേവന്നു കായമില്ലാതാക്കിയോനേ
ചതുഷ്ക്കാലവും നിൻെറ ത്ര്ക്കാൽകളേ ഭജിച്ചീടാനനുഗ്രഹിക്കേണം ഭവാനും

പ്രാർഥനയുടെ സമയത്ത് ദുർവാസാവ് ഹോമകുണ്ഡത്തിനു ചുറ്റും ന്ര്ത്തം വക്കുന്നു.(ഇരട്ടിപോലെ)
പ്രാർഥനക്കു ശേഷം ദുർവാസാവ് യോഗനിദ്രയിലേക്ക് മയങ്ങി വീഴുന്നു. കുന്തി ആലവട്ടം കൊണ്ട് വിശിക്കൊണ്ട് നിൽക്കുന്നു.

## രംഗം മൂന്ന്

ദുർവാസാവ്. രാഗം: അഠാണ./:ദർബ്ബാർ താളം: ചെമ്പട.

ശ്ലോകം.
രാജൻ ചൊന്ന മനോജ്ഞ വാണികളുമന്നാതിഥ്യ മര്യാദയും
കൈക്കൊണ്ടാമുനി കുന്തി തൻെറ ഭവനേ വാണീടുമാ വേളയിൽ
ഒരു നാൾ ഗംഗയതിൽകുളിച്ചു ജപവും ചെയ്താ തപോവാരിധി
വന്നെത്തീ തുഹിനാദ്രി നാഥഭജനം ചെയ്‌വാൻ പ്ര്ഥാ മന്ദിരേ

ദുർവാസാവ് കുളിയും മറ്റും കഴിഞ്ഞ് വരുന്നു. വീട്ടിൽ തനിക്കു വേണ്ട യാതൊരു സൗകര്യവും ചെയ്തിട്ടില്ലെന്നു കാണുന്നു. ഒരു ഭാഗത്തു ഒഴിഞ്ഞുനിൽക്കുന്ന കുന്തിയെ കണ്ട് ദേഷ്യപ്പെടുന്നു.
ദുർവാസാവ്.
പ്ര്ഥേ നിനക്കറിയില്ലേ സന്ധ്യാ വന്ദന കാലമതിക്രമമായെന്നും
കുന്തി രാഗം : വസന്ത.
ത്രികാലമഖിലം ശിവവന്ദനമാണെങ്കിൽ മറ്റൊരു സന്ധ്യാ വന്ദനമോ തേ
ദുർവാസാവ്.
പ്ര്ഥേ മൂവന്തി കഴിഞ്ഞിട്ടുഭദ്ര ദീപോജ്വലനം ചെയ്യാതെന്തിഹ നിൽപ്പൂ നീ മൗനം
കുന്തി രാഗം : വസന്ത.
ർഷികുലദീപമെരിഞ്ഞു തെളിഞ്ഞു ജ്വലിക്കേയെന്തിനു മറ്റൊരു ദീപോജ്വലനം

ദുർവാസാവ്.
പ്ഥേ രജനി അണഞ്ഞിട്ടും തീർഥമൊഴിഞ്ഞു കമണ്ഡലു തുള്ളിജ്ജലവുമെഴാതെ
യിരിപ്പതു കാൺക
കുന്തി രാഗം : വസന്ത.
കരുണാനിറകുടമായ നിനക്കിന്നെന്തിനു മുനി വര്യാ ജലപൂർണ്ണ കമണ്ഡലുവും വിഭോ
ദുർവാസാവ്.
പ്ഥേ ക്ഷമയൊഴിയുന്നു ക്രോധിപ്പിക്കാതെന്നെയുടനേ
പൂജാപുഷ്പമറുത്തുടനെത്തുക നീ

കുന്തി രാഗം : വസന്ത. താളം. ചെമ്പ. /പഞ്ചാരി

ക്ഷീരാബ്ധിയിൽ വാഴ്‌വോനും ക്ഷീരപാനമോ
ശീതാദ്രിയിൽ വാഴ്‌വോനും ശീതോപചാരമോ
സ്നേഹസുഗന്ധികളാകും ശ്വേതപ്പൂക്കളറുക്കണമോ
ഗന്ധമെഴാതുള്ള പാടല രോഷ പ്പൂക്കളറുക്കണമോ

ദുർവ്വസാവ്.രാഗം : മധ്യമാവതി. താളം :പഞ്ചാരി
ശ്ലോകം.

കുന്തീഭോജസുതാ മുഖാബ്ജ മധുപോലച്ചൊന്ന വാക്യാമ്രുതം
ക്രോധപ്പാവകനാളിഹ്രുത്തടമതങ്ങേറ്റം തപിച്ചുള്ളൊരാ
ശർവ്വൻ തന്നുടെ അന്തരംഗമതിലന്നമ്പോടു പീയൂഷമായ്-
ത്തീർന്നാ ലേപനസൗഖ്യമാണ്ടു മുനിയും മോദിച്ചു ചൊന്നാനിദം.

മന്ദാരപ്പൂവിലെഴും മകരന്ദകണം പോൽ
ചിപ്പിയെഴും മുക്തകമതുപോൽ നിൻ
ചിത്തമെഴുന്നൊരു സത്യം പാർത്താൽ/ ചിത്രം ചിത്തരഞ്ജിനി

ഊർജ്ജിത വ്രതാനുശീലനാമെനിക്കുപോലും
ദുഷ്കരമാർജ്ജിപ്പാൻ.ദുസ്സാദ്ധ്യം നേടാൻ
ഹ്രുത്തിലാളുമീർഷ്യയായ വൈരിയെ ജയിച്ചിടാത്ത മാമുനിക്കു മാർഗ്ഗദർശി നീ
കാലം തള്ളി.
വ്രുധാവിലാവില്ലെന്നുടെ വത്സല പുത്രീ നിന്നുടെ സേവനമൊന്നും
വരങ്ങളേകാതാകില്ലെനിക്കു വിടകൊണ്ടീടാനും
കുന്തി. രാഗം: കല്യാണ വസന്തം.

ആഗ്രഹങ്ങളിന്നെനിക്കനുഗ്രഹ ങ്ങളാണു ദേവാ
ദാനമിന്നപദാനവുമല്ലോ
ക്രോധ താപസി നിൻെറ ചെതസി തെല്ലു വാത്സല്യ മെന്നൊടുണ്ടായ്
വന്നതിൽ പ്പരമെന്തു മംഗളമിന്നുവേണ്ടതെനിക്കഹോ

ദുർവാസവ്. രാഗം : പുറനീര താളം : ചെമ്പട

അഞ്ചുവരം കൈക്കൊൾക പ്ര്ഥേ നീ
ഇഷ്ടമെഴുന്നൊരു ദേവതയെ ചിന്തിച്ചൊരു മന്ത്രം ചൊല്ലുകിലവനും
സാക്ഷാത്തായൊരു കണ്മണിയാമൊരു
രത്നം നൽകി മറഞ്ഞിടുമെന്നുടെ കൽപ്പനയാലെ.

അഞ്ചു മന്ത്രങ്ങൾ പറഞ്ഞു കൊടുക്കുന്നു.അഞ്ച് ഓല നറുക്കുകൾ കൊടുക്കാം. വായിക്കാനേ പാടുള്ളൂ എന്നും ഉറക്കെ ജപിക്കരുതെന്നും ഉറക്കെ ജപിച്ചാൽ ദേവത മുന്നിൽ എത്തുമെന്നും മഹർഷി മുന്നറിയിപ്പു കൊടുക്കുന്നു. ദുർവാസാവിനെ കുന്തി അനുഗമിച്ചു യാത്രയാക്കുന്നു. തിരിച്ചു വരുന്നു.ഓരോ ഓല നറുക്കും വായിച്ചു നോക്കുന്നു. അറിയാതെ ഉച്ചരിച്ചു പോകുമ്പോൾ വായ പൊത്തുന്നു. "അമ്മയെ ആലോചിച്ചു മന്ത്രം ചൊല്ലിയാലോ? വേണ്ട അമ്മ ഇവിടെതന്നെ ഉണ്ടല്ലൊ.. പിന്നെ അഛനെ ഒർത്തു മന്ത്രം ചൊല്ലിയാലോ വേണ്ട അഛനു ധാരാളം തിരക്കാണു. ജേഷ്ഠനായ വസുദേവരെ  ഓർത്തു ചൊല്ലിയാലോ ? വേണ്ട ജേഷ്ഠൻ ഇടക്കിടെ ഇവിടെ വരാറുണ്ടല്ലൊ. വേണ്ട ഇപ്പോൾ ഇത് ഇവിടെ ഇരിക്കട്ടെ ധാത്രിയോട് ചോദിച്ച് ചെയ്യാം."കിടക്ക വിരിച്ച് കിടക്കുന്നു.)

## രംഗം : നാല്

ശ്ലോകം.

മന്ത്രം പഞ്ചവുമോതി നൽകിയതു തൻ ഉള്ളിൽ കുറിച്ചിട്ടതും
എന്താണി വരമന്ത്രമോതുമളവിൽ ത്തീരുന്ന സൗഭാഗ്യവും
എന്നോർത്തങ്ങറിയാതെയുൽക്കടമകംജിജ്ഞാസയും പൂണ്ടവൾ
സൂര്യൻ പ്രാചിയിലങ്കുരിച്ചിടുവതും കൺപാർത്തു വാണീതവൾ

കുന്തി. രാഗം: / ആഹരി . താളം : ചെമ്പട.

രാവിതു തീർന്നില്ലേ പൂങ്കുയിലുമുണർന്നില്ലേ
മാലേയാനിലനിന്നീ വാതായനം തുറന്നില്ലേ.

ഫുല്ലമിതാ വനമല്ലികയിൽ മധു നുകരുവതല്ലേ മധുപൻ
സൂര്യകരം ചെന്താമരയിതളിൽ തംബുരു മീട്ടുവതല്ലേ
അറിയാത്തൊരു നവ നൊംബരമെൻ മനതാരിലുദിപ്പില്ലേ

ശൈത്ത്യമുറഞ്ഞ വിഭാതം തുടുമേഘാവ്രതമാകാശം
പാടലകന്ദുക മൊന്നു വിഹായസ്സിൻ നടുവിൽ തെളിയുന്നോ
(കുന്തി ജനാല പുറത്തുള്ള സൂര്യനെ കയ്യെത്തി പിടിക്കുവാൻ നോക്കുന്നു. പക്ഷെ സൂര്യൻ അകന്നു അകന്നു പോകുന്നു. വാതിൽ തുരന്നു മട്ടുപ്പാവിൽ ചെന്നു രണ്ടു കയ്യും നീട്ടി പിടിക്കുവാൻ നോക്കുന്നു. വിഫലമാകുന്നു. നിരാശാഭരിതയാകുന്നു. വീണ്ടും ശയന മുറിയിൽ വന്നപ്പോൾ മന്ത്രം എഴുതിയ ഓല കാണുന്നു. അത് എടുത്ത് വായിക്കാൻ തീരുമാനിക്കുന്നു...
‘‘ഇഷ്ടമെഴുന്നതു കിട്ടാൻ മന്ത്രം ചൊല്ലീടാം ഞാനും.’’
വായിക്കുന്നു.
ജന്നൽ പാളിതുറന്നവാറു ഗഗനേമിന്നും മുഴുപ്പന്തു പോ–

ലമ്പിൽ പൂർണ്ണതയാർന്നു പൊങ്ങിടുമൊരാചെന്താമരക്കാന്തനെ
പന്തായ് കിട്ടണമെന്നു കൗതുകമെഴും പ്രത്യാശയോടന്നവൾ
മന്ത്രം ചൊല്ലിയ മാത്രയർക്കനു മുടൻ പ്രത്യക്ഷനായീടിനാൻ

സൂര്യൻ പ്രത്യക്ഷപ്പെടുന്നു.അതിയായ പ്രകാശവും ചൂടും കാരണം ഒന്നും കാണാനാകാതെയും ചൂടു സഹിക്കവയ്യാതെയും കുന്തി പേടിച്ച് കണ്ണു പൊത്തി ഒരു മുക്കിൽ ചെന്ന് ഇരിക്കുന്നു.കൈ തുറക്കുമ്പോൾ വീണ്ടുംസൂര്യപ്രകാശം കണ്ട് ഭയക്കുന്നു.സൂര്യൻ ഇതു കണ്ട് തൻെറ കാഠിന്യം കുറക്കുന്നത് ധ്വനിപ്പിക്കുവാൻ താൻ പുതച്ചിരുന്ന മഞ്ഞ ത്തുണി അഴിച്ച് മാറ്റുന്നു. അതോടെ സൗമ്യനാകുന്നു.തുടർന്ന് പദം

സൂര്യൻ. രാഗം തോഡി. താളം : ചെമ്പട.
സവിതാവിതാ പ്രണയദൂതനിതാ
തവനികടേ വന്നിതാ പരിണയതൽപരനായിതാ

കുന്തി. രാഗം: ഭൈരവി
ഒന്നുമറിഞ്ഞില്ലിഹ ഞാൻ നീയാരെന്തിനു വന്നതുമെന്നും
കാവൽക്കാരറിയാതെങ്ങിനെ നീ വന്നതുമീ സദനേ

സൂര്യൻ
മന്ത്രത്താലാവാഹിച്ചുടനെന്നെ
യവഹേളിച്ചു നിരാസിപ്പതു ചിതമോ
മാരുത ലാളിതമാകിയ പാടല മേചക മെത്തയിലമരുക നീ
വാരിജ വല്ലഭമാരേ വിതറി വിരിച്ചൊരു തൽപ്പേ വാഴുക നീ

കുന്തി. രാഗം: ഭൈരവി
അയ്യോ കന്യക ഞാനും നീ പോയ്ക്കൊണ്ടീടേണം ഝടിതി
മംഗലമാകാതെങ്ങിനെ നിന്നെ വേൾക്കും ഞാനൊരു കുലിക

സൂര്യൻ
നിന്നെ വശംവദയാക്കീടാതിനി വയ്യ ഗമിപ്പാൻ ബാലേ
മദനനു മിഹ വന്നെൻ വിരിമാറിൽ ചൊരിയുന്നൂ സുമബാണം
സൗമ്യ രൂപിയാമെന്നെ യാശ്ലേഷിച്ചീടുക നീ യാർദ്രേ
കുന്തി രാഗം: ഭൈരവി
അരുതേ ബന്ധം
സൂര്യൻ
അരുതേ പ്രതിബന്ധം
അനുനയത്തിന്ന് കുന്തി വഴങ്ങുന്നിലെന്നു കണ്ട് സൂര്യൻ തിരിച്ചു പോകാൻ തുനിയുന്നു. അപ്പോൾ ശ്ലോകം

ശ്ലോകം (അശരീരി പോലെ)
ദുർവാസസ്സഹമെൻെറയാജ്ഞ യനുവർത്തിക്കായ്കിലങ്ങേക്കു മേൽ
വന്നീടും കലുഷാപവാദമതിനാൽ കയ്ക്കൊൾകയിക്കന്ന്യയേ

മേധാശക്തിയെഴുന്ന മർത്യനൊരുവൻ തന്നെ പ്രതീക്ഷിപ്പതീ
ഭൂവെന്നോർത്തു ഭവാനുമിന്നനുസരിച്ചീടേ ണമാമോദമായ്

അശരീരി കേട്ട സൂര്യൻ തിരിച്ചു വരുന്നു. കുന്തിക്കും പ്രണയം ജനിക്കുന്നു. സംഗമം നടക്കുന്നു. സൂര്യൻ മറയുന്നു കുന്തി ആലസ്യമാണ്ട് കിടക്കുന്നു.

## രംഗം അഞ്ച്

ശ്ലോകം
പ്രഥമാനംഗ സമാഗമം പുളകമായ് പൂവിട്ട ഗാത്രത്തൊടും
സുരതാലസ്യ മടച്ചലോചനവുമായുള്ളം കുളുർത്തന്നവൾ
ഒളിതാവും കള ചന്ദ്ര ശാലയതിലൊന്നാടുന്ന തൽപ്പത്തില
ന്നതി മോഹാലസയായ നേരമുളവായ് ധാത്രിക്കു സന്ദേഹവും.

ധാത്രി. രാഗം ബിലഹരി. താളം: ചെമ്പട.
അലസത പൂണ്ടിഹ വാഴുന്നെന്തു പ്ര്ഥേ
അസുലഭ ചടുലത യൊഴിവാനെന്തു മൂലം പ്ര്ഥേ
മധുരിമ തിരളും കരിമീൻ കൺകളിൽ വിവശം
ചതുരത മൊഴിയും നാവെന്തഹോ മൗനം
സ്വേദനവും വമനവുമിന്നെങ്ങിനെ വന്നായതഹോ
വദനം വിളറാനെന്തേ വചനം കുഴയാനെന്തേ
മുലമൊട്ടുകറുക്കാനും ഉദരം വലുതാകാനും
ജഘനം ഘനമോലാനും പദചുവടുകളിടറാനും
ജാരനാരുമിങ്ങണഞ്ഞതില്ല നിശ്ചയം
പ്രായപൂർത്തി ആയതില്ലിവൾക്കു നിർണ്ണയം
പത്തു ഞൊടിക്കുള്ളിലിതാ പൂർണ്ണഗർഭമായൊരുത്തി
നോവെടുത്തു മാഴ്കിലെന്തു ചെയ്‌വു ഞാനഹോ

നേരവുമില്ലൊരു വൈദ്യനെ യിങ്ങു വരുത്തിടാൻ
നാണമെഴാതുടനടി ചേലയഴിച്ചിടുക കാക്കുക ദൈവമേ പാപമെഴാപൈതലിനെ

(തിരശ്ശീല പിടിച്ച് കുന്തി ഉള്ളിൽ ഇരിക്കുന്നു. ധാത്രി തിരശ്ശീലക്കു പുറമേ നിന്ന് അഭിനയിക്കുന്നു.)

രാഗം : സാവേരി. താളം :ചെമ്പട.
തല കാണുന്നൂ വിരൽ കാണുന്നു കുണ്ഡല ശോഭ വിളങ്ങി കാണ്മൂ
ഉടൽകാണുന്നൂ ഉടലിൽക്കവചത്തിന്നൊളി വിതറുന്നു
തുടകാണുന്നു കുഞ്ഞി കുംഭയുമിത കാണുന്നു.
അരയുമൊരോമൽ ശിശ്നയുമിത കാണുന്നു.
അങ്കക്കുറിചേർന്നൊരു ചന്തമെഴും ചെംചേവടികളുമിത കാണുന്നു.
പുരുഷോത്തമനോ പരുഷകിരണനോ സുതനായിന്നു പിറന്നതിവൾക്കും
ഷഡ്ജക്കൂജന മെന്നകണക്കെ രോദനനാദം നുകരാനർക്കൻ
വാതായനമതിലൊളിയുന്നൊളിപൂണ്ടിത നോക്കീടുന്നു

(തിരശ്ശീല എടുക്കുമ്പോൾ കുന്തി കട്ടിലിൽ കിടക്കുന്നു പാവക്കുട്ടിയെ അടുത്തു കിടത്തണം.)

കുന്തി: രാഗം : നീലാംബരി. താളം : ത്ര്പുട

സൂര്യകാന്ത ക്കല്ലിതെൻ മുലനുകരുവാനുമറിഞ്ഞിടാതെ
പാവമിന്നു കരഞ്ഞു മാഴ്കുന്നു.
അമ്മമാനസമൂറിവന്നു ചുരന്ന പാലു ചുകന്ന ചുണ്ടിൽ
ചേർത്തിടാൻ തുണ ചെയ്ക ധാത്രീ നീ

നുകരുവാനറിവായ മോദമ്മലരണിഞ്ഞൊരു മന്ദഹാസം
മുകരവേ മ്രുദു മാത്രു ഗന്ധമറിഞ്ഞ കൈവല്ല്യം.

ധാത്രി. രാഗം: ധന്യാസി. അല്ലെങ്കിൽ ദ്വിജാവന്തി. താളം: ചെമ്പട
കന്യക പരിണയമോലാതെങ്ങനെയമ്മയതായിടുമെന്നും
പോറ്റമ്മ ഞാനുമറിയാതെങ്ങിനെ പെറ്റമ്മയായി നീ
നിന്നെ ആരു പിഴപ്പിച്ചെന്നുടെ മകളേ ചൊല്ലുടനെ.
പതിതക്കെന്തിനു പരിണയമെന്നു മയൽക്കാരോതുകിലോ
നിൻെറ പിതാവിനെ യപമാനക്കയമതിലേക്കുന്തിയിടാൻ
എന്തിനു കുന്തീ ഒരുങ്ങിയിങ്ങനെ വയ്യാ പറവതിനൊന്നും
പങ്കില മാക്കരുതേ കുലമിതിനെ കൽമഷമാക്കരുതേ ഗ്രുഹമിതിനെ
പിഴച്ചു ജനിച്ചവൻെറ പിഴയറിയില്ലേ മരണം താനെന്നും.
ഒഴുക്കിടേണം ഗംഗയിലിവനെ ഒരുത്തനിവനെ ലഭിച്ചിടാം

അവനോ രക്ഷകനായിടുമിവനും.വധത്തിൽ നിന്നൊഴിവാക്കാമുടനെ.
കുന്തി. രാഗം: ശങ്കരാഭരണം താളം: ചെമ്പട
പെണ്ണിനു പെണ്ണൊരു വൈരിയതാകരുതേ
എന്നുടെ പുണ്ണ്യമതായി ജനിച്ചോരുണ്ണിയിവൻ
മുനിയേകിയ വരമൊന്നു ജപിച്ചൊരു നേരമണഞ്ഞു ഭാനു
എന്നെ പഴി ചൊല്ലരുതേ സവിതാവാണിവനുടെ താതൻ

പിഴുതെറിയും നിൻ നാവെൻ മകനും പിഴയെന്നിനിയുമുരക്കിൽ
ജ്വലിക്കുമെന്നുടെ ആധിയിൽ ഒരു പിടി ഭസ്മമതാക്കും നിന്നെ.
മാറു ചുരന്നു നിറഞ്ഞു സ്രവിക്കും വേദന പാരം
തരികെൻ കുഞ്ഞു വിശന്നു കരഞ്ഞതു കേൾപ്പതുമില്ലേ നീ
പഞ്ചാരി
കുലമെന്തിനു ഗ്രുഹമെന്തിനു പതിയെന്തിനു വേണം
സുതനല്ലാതിനിയാരും വേണ്ടാ മമ വേണ്ടാ.
ഇവനെ മുലയൂട്ടി വളർത്തീടാൻ വലുതാക്കാൻ
ഹിതമെന്നുടെ തടയാനില്ലവകാശമൊരാൾക്കും

ധാത്രി.   ശഹാന . ചെമ്പട
കുന്തിഭോജനിന്നെന്തുരിയാടും ശൂരസേനനിതു കേൾക്കിൽ
ദൂഷണവാദികളാകിയ യാദവ–രോടവനെന്തോതും
പരിഗണനക്കോ അവഗണനക്കോ പാത്രം നിന്നുടെ താതൻ
നോക്കി വളർത്തിയ താതനു നൽകാൻ ദക്ഷിണ യവമതിയോ.

ധാത്രി

കുന്തീ, കന്യകയായ നീ പ്രസവിച്ചാൽ ആ കുഞ്ഞിനു ജീവിക്കാൻ അവകാശമില്ല. തന്നെയുമല്ല ഇത് ജനങ്ങൾ അറിഞ്ഞാൽ നിൻെറ താതനു അപമാനമാണു. ഞാൻ നിന്നെ വേണ്ട പോലെ ശ്രദ്ധിക്കാഞ്ഞകാരണമാണു ഇങ്ങിനെ സംഭവിച്ചതെന്നു കരുതി എന്നെയും രാജാവു വധിക്കും. നിന്നെയും ജനങ്ങൾ അവമാനിക്കും. ഈ കുഞ്ഞിനെ ലോകം തിരസ്കരിക്കും.ഇവനെ വധിക്കാൻ കൊടുക്കണമോ അതോ ഉപേക്ഷിക്കണമോ എന്നു തീരുമാനിക്കുക,.

കുന്തി:

ഇവനെ വധിക്കുകയുമില്ല ഉപേക്ഷിക്കുകയും ഇല്ല. എന്നെ ആര് അവഹേളിച്ചാലും എനിക്ക് എന്താണു?ദുർവ്വാസാവ് ഇവിടെ വന്നത് സത്യമാണു. ഞാൻ അദ്ദെഹത്തെ ഉപചരിച്ചതും സത്യമാണു. അദ്ദെഹം വരം തന്നതും സത്യമാണു. ഇതിൻെറ ഭവിഷ്യത്ത് അറിയാതെ ഞാൻ മന്ത്രം ചൊല്ലി എന്നതു വാസ്തവമാണു. സൂര്യനിൽ നിന്നു കുഞ്ഞു ജനിച്ചു എന്നതും സത്യമാണു. പിന്നെ ഇവിടെ ഒരു കളവും സംഭവിച്ചിട്ടില്ലല്ലൊ.

ധാത്രി.

കുന്തീ നിൻെറ അഛനോട് വളർത്തഛനായ കുന്തി ഭോജനു ഇതൊക്കെ പറയാനാകുമോ. നിന്നെ വേണ്ടതു പോലെ സംരക്ഷിച്ചില്ല എന്ന അധിക്ഷേപം കുന്തി ഭോജനു കേൾപ്പിക്കാമോ നീ?

(ധാത്രി കുന്തിയിൽ നിന്നും കുഞ്ഞിനെ വാങ്ങി അറിയാത്ത പോലെ നടന്നു നീങ്ങാൻ തുനിയുന്നു .കുന്തി പിന്നാലെ പോയി കടന്നു പിടിക്കുന്നു.. കുഞ്ഞിനെ തിരികെ വാങ്ങിക്കുന്നു. ധാത്രിയെ ഹിംസിക്കുന്നു.)

ധാത്രി:

ശരീ ഞാൻ ഇതൊക്കെ ഉറക്കെ വിളിച്ചു പറയട്ടേ?

കുന്തി:

പറഞ്ഞോളൂധാത്രി:

നിൻെറ വളർത്തഛനോടും വളർത്തമ്മയോടും പറയട്ടേ?

കുന്തി :

അയ്യോ അരുത്. അവർ അന്ധാളിക്കും. വിഷമിക്കും.

ധാത്രി:

എങ്കിൽ എൻെറ കൂടെ വാ. നീ ഒട്ടും പേടിക്കേണ്ടാ സൂര്യ ഭഗവാൻ ഇവനെ രക്ഷിച്ചുകൊള്ളും. ഇതു നോക്ക് ഇവൻെറ മാറിൽ കവചവും കാതിൽ കുണ്ഡലങ്ങളും തിളങ്ങുന്നു. ഇവൻ ദിവ്യനാണു. ഇവൻ അങ്ങിനെ ഒന്നും മരിക്കുന്നവൻ അല്ല. ഇതാ മരപ്പെട്ടി. ഇതിൽ ഇവൻെറ രക്ഷക്കുള്ള ദ്വാരങ്ങളും മറ്റും ഇട്ടിട്ടുണ്ട്. ഇവനെ കുഞ്ഞുങ്ങൾ ഇല്ലാത്തവനായ ഒരുവൻെറ വീട്ടിനു മുൻപിൽ വച്ച് ഞാൻ വരാം.

കുന്തി : ധാത്രീ മ്രുഗങ്ങൾക്കു പോലും ജനിച്ച കുഞ്ഞുങ്ങളെ വേർപിരിയാൻ ആവില്ലെന്നു അറിയില്ലേ? പിന്നെയാണൊ എനിക്കു?

അയ്യൊ ...............ഞാൻ കുഞ്ഞിനേയും കൂട്ടി ഗംഗയിൽ ചാടി മരിക്കുകയാണു. നീ എനിക്ക് ഒരു തേരു ഒരുക്കി താ ഞാൻ അതിൽ കയറി എവിടെ എങ്കിലും ചെന്നു യാചിച്ച് ജീവിക്കാം.

ധാത്രി:

നിനക്കു ഞാൻ മരിച്ചു കാണണമോ? എങ്കിൽനിൻെറ കഠാര എനിക്കു താ ഞാൻ സ്വയം കുത്തി മരിക്കാം. (ധാത്രി കഠാരകൊണ്ട് മരിക്കാൻ ശ്രമിക്കുന്നു. കുന്തി തടയുന്നു.)

കുന്തി: ധാത്രീ നിനക്കു എന്നെയും മകനേയും കൊന്നു തന്നുകൂടേ?

ധാത്രി:

അപ്പൊൾ മരണ ശേഷവും നിൻെറ ദുഷ്പേരു ബാക്കിയാകും.

കുന്തി:

ഹേ മഹർഷേ എനിക്കു എന്തിനാണു ഇങ്ങിനെ ഒരു വൈരം കലർന്ന വരം തന്നതു?ഞാൻ ഇതൊന്നും ചോദിച്ചില്ലല്ലൊ. കഷ്ടം. ഹേ സൂര്യാ കന്യകയായ എന്നോട് ഇപ്രകാരം ക്രൂരത കാണിക്കണമായിരുന്നോ?? നിൻെറ പ്രണയ കരങ്ങളിൽ എന്തിനാണു എന്നെ എടുത്ത് ഈ കുഞ്ഞിനെ തന്നത്? അമ്മ ആകുന്നത് ഇത്ര വലിയ പാപമാണോ?... അവസാനം കുന്തി കർണ്ണനെ പുഴയിൽ ഒഴുക്കുന്നതോടെ ....മോഹാലസ്യപ്പെട്ടു വീഴുന്നതോടെ തിരശീല.മനോധർമ്മം പോലെ ആടുക..